COMMISSIONER OF ...

**കേരള സർക്കാർ** 40276

സംഗ്രഹം

നീതിന്യായ വകുപ്പിനും, പോലീസ് വകുപ്പിനും കോട്ടയം ജില്ലയിൽ, കോട്ടയം താലൂക്കിൽ മുട്ടമ്പലം വില്ലേജിൽ യഥാക്രമം ജുഡീഷ്യൽ കോംപ്ലക്സും, പോലീസ് ക്വാർട്ടേഴ്സും നിർമ്മിക്കുന്നതിനായി ഭൂമി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==================================================================

റവന്യൂ(എ) വകുപ്പ്

സ.ഉ.(എം.എസ്.)നം.491/2015/റവന്യൂ. തീയതി, തിരുവനന്തപുരം, 25.09.2015.

==================================================================

K2

പരാമർശം : 1) 16.09.2011-ലെ ജി.ഒ(എം.എസ്)നം.337/2011/റവന്യൂ

2) 03.07.2015-ലെ കോട്ടയം ജില്ലാ കളക്ടറുടെ E2-13614/13 നമ്പർ കത്ത്.

3) 04.08.2015-ലെ ലാൻഡ് റവന്യൂ കമ്മീഷണറുടെ LRK2-29156/15 നമ്പർ കത്ത്.

## ഉത്തരവ്

കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ, മുട്ടമ്പലം വില്ലേജിൽ സർവ്വെ നം.51, ബ്ലോക്ക് നം.20 ൽപ്പെട്ട 86.00 ആർ ഭൂമി ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിലേക്കായി പരാമർശം 1 പ്രകാരം നീതിന്യായ വകുപ്പിന് ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എന്നാൽ പ്രസ്തുത ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാതെ ഭൂമി അനുയോജ്യമല്ലെന്ന കാരണത്താൽ പോലീസ് വകുപ്പിന്റെ കൈവശത്തിലുള്ള ബ്ലോക്ക് ന [illegible] വില്ലേജിലെ ഭൂമിയിൽ നിന്നും 86 ആർ ഭൂമി അനുവദിക്കണമെന്ന് നീതിന്യായ വകുപ്പ് ആവശ്യപ്പെടുകയുണ്ടായി. ഈ വിഷയം സംബന്ധിച്ച് 30.07.2014-ൽ ബഹു.മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ നേരത്തെ പുറപ്പെടുവിച്ച പരാമർശം ഒന്നിലെ ഉത്തരവ് റദ്ദ് ചെയ്യുവാനും പകരം പോലീസ് വകുപ്പിന്റെ കൈവശത്തിലുള്ള ഭൂമി ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് അനുവദിക്കാനും, പരാമർശം 1 പ്രകാരം ജുഡീഷ്യൽ കോംപ്ലക്സിന് അനുവദിച്ചിരുന്ന ഭൂമി പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി അനുവദിക്കാനും തീരുമാനിച്ചു.

2) പരാമർശം 1 പ്രകാരം ജുഡീഷ്യൽ കോംപ്ലക്സിന് അനുവദിച്ചിരുന്ന 86 ആർ ഭൂമിയിൽ എ.ഡി.ആർ സെന്ററിനായി ഉപയോഗപ്പെടുത്തിയ 10.03 ആർ സ്ഥലം ഒഴിവാക്കി 75.97 ആർ ഭൂമിക്ക് സമാനമായ ഭൂമി ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് പോലീസ് വകുപ്പിന്റെ കൈവശഭൂമിയിൽ നിന്നും അനുവദിക്കാമെന്നും, ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ആവശ്യപ്പെട്ട ഭൂമിക്ക് ആർ ഒന്നിന് 42,65,714/- രൂപ പ്രകാരം 75.97 ആർ ഭൂമിക്ക് കെട്ടിട വിലയും, വൃക്ഷവിലയും ഉൾപ്പെടെ 32,59,06,017/- രൂപ (മുപ്പത്തിരണ്ട് കോടി അൻപത്തിയൊൻപത് ലക്ഷത്തി ആറായിരത്തി പതിനേഴ് രൂപ) വില വരുമെന്നും അറിയിച്ച് പരാമർശം 2 പ്രകാരം കോട്ടയം ജില്ലാ കളക്ടർ സമർപ്പിച്ച റിപ്പോർട്ട് ശുപാർശ ചെയ്ത് പരാമർശം 3 പ്രകാരം ലാൻഡ് റവന്യൂ കമ്മീഷണർ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും, ചുവടെ ചേർക്കുന്ന ഉത്തരവുകൾ പുറപ്പെടുവിക്കുകയും ചെയ്യുന്നു:-

i) കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ, മുട്ടമ്പലം വില്ലേജിൽ സർവ്വെ നം.51, ബ്ലോക്ക് നം.20 ൽപ്പെട്ട 86.00 ആർ ഭൂമി ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിലേക്കായി നീതിന്യായ വകുപ്പിന് ഉപയോഗാനുമതി നൽകി പുറപ്പെടുവിച്ച 16.09.2011-ലെ ജി.ഒ(എം.എസ്) നം.337/2011/റവന്യൂ ഉത്തരവ് റദ്ദ് ചെയ്യുന്നു;

ii) കോട്ടയം ജില്ലയിൽ കോട്ടയം താലൂക്കിൽ മുട്ടമ്പലം വില്ലേജിൽ ബ്ലോക്ക് നം.33 ൽ സർവ്വെ നമ്പർ 1-ൽപ്പെടുന്നതും പോലീസ് വകുപ്പിന്റെ കൈവശത്തിലുള്ളതുമായ 3.16.10 ഹെക്ടർ സർക്കാർ പുറമ്പോക്കിൽ നിന്നും 75.97 ആർ ഭൂമി ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി ഭൂമിയുടെ ഉടമസ്ഥാവകാശം റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി നിലവിലെ ചട്ടങ്ങൾക്കും ചുവടെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി നീതിന്യായ വകുപ്പിന് പ്രസ്തുത ഭൂമിയുടെ ഉപയോഗാനുമതി (permissive sanction) നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു;

iii) ജുഡീഷ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിനായി നീതിന്യായ വകുപ്പിന് മുൻപ് ഉപയോഗാനുമതി നൽകിയ മുട്ടമ്പലം വില്ലേജിലെ ബ്ലോക്ക് നമ്പർ 20-ൽ സർവ്വെ നമ്പർ 51-ൽപ്പെട്ട 86 ആർ ഭൂമി തിരിച്ചെടുത്ത് റവന്യൂ വകുപ്പിൽ നിക്ഷിപ്തമാക്കി, ഇതിൽ നിന്നും 10.03 ആർ ഭൂമി എ.ഡി.ആർ സെന്റർ സ്ഥാപിക്കുന്നതിനായി നീതിന്യായ വകുപ്പിനും 75.97 ആർ ഭൂമി പോലീസ് ക്വാർട്ടേഴ്സ് നിർമ്മിക്കുന്നതിനായി പോലീസ് വകുപ്പിനും നിലവിലുള്ള ചട്ടങ്ങൾക്കും ചുവടെപ്പറയുന്ന നിബന്ധനകൾക്കും വിധേയമായി ഉപയോഗാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**<u>ഉപയോഗാനുമതി നൽകുന്നതിനുള്ള നിബന്ധനകൾ:-</u>**

a) അനുവദിച്ച ആവശ്യത്തിന് മാത്രമേ ഭൂമി ഉപയോഗിക്കാൻ പാടുള്ളൂ.

b) നിർദ്ദിഷ്ട ഭൂമിയിലെ നിർമ്മാണ പ്രവർത്തനങ്ങൾ, ഭൂമി അനുവദിച്ച തീയതിമുതൽ 1 വർഷത്തിനകം ആരംഭിക്കേണ്ടതാണ്;

c) ഭൂമി പാട്ടത്തിന്/ഉപപാട്ടത്തിന്/ തറവാടകക്ക് നൽകുവാനോ ഏതെങ്കിലും ധനകാര്യ സ്ഥാപനങ്ങളിൽ പണയപ്പെടുത്തുവാനോ, അന്യാധീനപ്പെടുത്തുവാനോ പാടുള്ളതല്ല.

d) ഭൂമി എല്ലാതരത്തിലുമുള്ള കൈയ്യേറ്റങ്ങളിൽ നിന്നും സംരക്ഷിച്ച് നിർത്തേണ്ടതാണ്.

e) ഭൂമിയിലെ മരങ്ങൾ മുറിക്കുവാൻ പാടുള്ളതല്ല. അഥവാ മുറിക്കേണ്ടി വന്നാൽ ബന്ധപ്പെട്ട അധികാരികളുടെ മുൻകൂർ അനുവാദം വാങ്ങിയശേഷമേ മുറിക്കുവാൻ പാടുള്ളൂ. കൂടാതെ മുറിക്കുന്നതിന്റെ 3 ഇരട്ടി എണ്ണം വൃക്ഷതൈകൾ നട്ട് വളർത്തി പരിപാലിക്കേണ്ടതുമാണ്.

f) മേൽപ്പറഞ്ഞ നിബന്ധനകളിൽ ഏതെങ്കിലും ഒന്ന് ലംഘിക്കുന്ന പക്ഷം ഭൂമി ചമയങ്ങളടക്കം തിരികെ റവന്യൂ വകുപ്പിൽ പുനർനിക്ഷിപ്തമാകുന്നതാണ്.

4) കോട്ടയം ജില്ലാ കളക്ടർ ഇക്കാര്യത്തിൽ നിയമാനുസൃതമായ അനന്തര നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ജിജി തോംസൺ**
**ചീഫ് സെക്രട്ടറി**

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ഹൈക്കോടതി.
ജില്ലാ കളക്ടർ, കോട്ടയം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ്.
ആഭ്യന്തര വകുപ്പ്
ധനകാര്യ വകുപ്പ്.
ഇൻഫർമേഷൻ ആന്റ് പബ്ലിക് റിലേഷൻസ് (വെബ് ആന്റ് ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ/ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**